SUPPLYCO
ESSENTIAL REQUIREMENTS TO THE REACH OF EVERYONE

150 YEARS OF CELEBRATING THE MAHATMA

The Kerala State Civil Supplies Corporation Limited
(A fully owned Government of Kerala undertaking)

P.B. No.: 2030
Maveli Bhavan,
Maveli Road,
Gandhi Nagar,
Kochi - 682 020
GSTIN:32AAACK6767FHZ5
CIN:U52209KL1974SGC002615



കൊച്ചി
31.07.2020

സുഹൃത്തുക്കളേ,

സപ്ലൈകോയിൽ ചുമതലയേറ്റ് തിങ്കളാഴ്ച ഒരു മാസം പൂർത്തീകരിക്കുകയാണ്. ഇനിപ്പറയുന്ന പുതുചുവടുകൾ തുടങ്ങിയിട്ടുണ്ട്.

1. കോർപ്പറേറ്റ് ലോഗോ പൊതുമത്സരത്തിലൂടെ ചുരുക്കപ്പട്ടികയാക്കി, ബോർഡിനുമുമ്പിൽ അംഗീകാരത്തിനുവച്ചു. ബ്രാൻഡിംഗിന് സ്വന്തമായി ലോഗോ ഇല്ലാത്ത ട്രേഡിംഗ് പൊതുമേഖലാ സ്ഥാപനത്തിന് ഉള്ള വിപണി വിടവ് ഈ ലോഗോ കുറെയേറെ പരിഹരിക്കുമെന്നു കരുതുന്നു.

2. ബോർഡ് അജണ്ടാ നോട്ടുകൾ പരിഷ്കരിച്ച് വിപുലവും വ്യക്തവുമായി കരട് എഴുതുവാൻ ഏർപ്പാടാക്കി .

3. സപ്ലൈകോയിൽ ജനറൽ മാനേജർക്കും, മാനേജർമാർക്കും കുറെക്കൂടി ഭരണപരമായ അധികാരങ്ങൾ ബോർഡംഗീകാരത്തോടെ വിപുലീകരിച്ച് നൽകി.

4.സർക്കാരിന്റെ മുൻഗണനയിലുള്ള സ്ക്കൂൾ കിറ്റ്, ഓണക്കിറ്റ്, തീരദേശ കിറ്റ് എന്നിവയുടെ സമഗ്രനിർവ്വഹണം നേരിട്ട് നടപ്പാക്കുന്ന ടീമിനെ ശക്തിപ്പെടുത്തി, വേണ്ട ഭരണപരമായ പിന്തുണ ഉറപ്പാക്കി.

5. കോവിഡിനെത്തുടർന്ന് വലിയ സംഖ്യയിൽ മടങ്ങിയ മലയാളി പ്രവാസികൾക്ക് സപ്ലൈക്കോ നിരക്കിൽ ഉൽപ്പന്നങ്ങൾ നൽകി NORKA-യുടെ സഹായത്താടെ സപ്ലൈക്കോ ആരംഭിക്കുന്ന സപ്ലൈക്കോ 'പ്രവാസി സ്കീം' ബോർഡ് അംഗീകാരം നേടി താൽപര്യ പത്രം ക്ഷണിച്ചു. വലിയ തോതിൽ പ്രവാസികൾ പ്രതികരിക്കുന്നു.

6. സപ്ലൈകോയ്ക്ക് തയ്യാർ ചെയ്ത് ടെൻഡർ ചെയ്തിരുന്ന ERP സൊലുഷൻ വർക്ക് ഓർഡറായി ഇൻവെന്ററി, പർച്ചേസ് ഫിനാൻസ് ഇത്യാദി മർമ്മ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടി പ്രവർത്തി പഥത്തിലായി ഏജൻസിക്കാർ ഏറ്റെടുത്തു.

7. സപ്ലൈകോയുടെ 1500-ഓളം ഭരണയൂണിറ്റുകൾക്ക് കടലാസ് രഹിത പ്രവർത്തനം ചെയ്യാനാകുന്ന ഇ–ഫയലിങ്ങ് കമ്പനി ടെണ്ടർ ചെയ്തു. നിർവ്വഹണം 2-4 മാസത്തിൽ .

8. മുന്നിലുള്ള വെല്ലുവിളികളുടെ 5% മാത്രമാണ് ഇതെല്ലാം. എന്നാൽ സമയം ഒട്ടും കളയാതെ ഒന്നാം ദിവസംമുതൽ കൊറോണയും മഴക്കെടുതിയും എല്ലാ പ്രതിഭാസവും പരീക്ഷിക്കുന്ന സപ്ലൈകോ ജീവനക്കാർ മടികൂടാതെ ഓടിയെത്തുന്നു; അപകടഭിതി കൂടാതെ ജോലി ചെയ്യുന്നു എന്നതാണ് സപ്ലൈകോയുടെ കരുത്ത്.

9.ആഗസ്റ്റ് മാസം മുതൽ സപ്ലൈകോ സ്റ്റോറിന്റെ പ്രവർത്തന ഉപകരണങ്ങൾക്ക് 10 ഓളം മൊബൈൽ ആപ്പുകൾ വഴി 1000ൽ പരം ഉൽപ്പന്നങ്ങൾ വീടുകളിൽ എത്തിക്കുകയാണ്. ഓണക്കിറ്റുകളുൾപ്പെടെ കേരളത്തിലെ ഐടി/ആപ്പ് എന്റർപ്രെനർമാർ നൽകുന്ന അധിക ഗതിവേഗം കൂടി സപ്ലൈകോയ്ക്ക് കൈവരികയാണ്. ഉപഭോക്താക്കൾക്ക് 500–ൽ പരം സ്റ്റോറുകളിൽ നിന്നും എല്ലാ ഉൽപ്പന്നങ്ങളും വീട്ടിലിരുന്ന് ഡെലിവറി ചിലവിൽ മാത്രം വാങ്ങാവുന്ന ക്രമീകരണമാണ് ലക്ഷ്യം. മാവേലിസ്റ്റോറുകൾ വരെയും വിതരണം വാതിൽപടിയിൽ എത്തിക്കാനുള്ള ക്രമീകരണം ഒരുക്കുന്നുണ്ട്.

10. ഉപഭോക്താക്കൾ മൊബൈൽ ആപ്പിൽ വിരൽ അമർത്തിയാൽ സപ്ലൈകോ ഉൽപ്പന്നം ഇ-മെയിലിലൂടെയും വീടെത്തുന്ന ഡിജിറ്റൽ സാങ്കേതിക വിദ്യ തുടങ്ങാനാവും. സപ്ലൈകോ സ്വന്തം കസ്റ്റമർ സൊലൂഷനും സ്വന്തമാക്കുന്നു.

11. 'ബ്രാന്റ് ലിഫ്റ്റിംഗ് ഫീ 'വൻ ലാഭം നേടികൊടുക്കുന്ന ബ്രാൻഡഡ് ഉൽപ്പന്നങ്ങളിൽ നിന്നു ഈടാക്കാൻ സപ്ലൈകോ തീരുമാനിച്ചു. 400 കോടി രൂപ കമ്പനിക്ക് ഇതിനാൽ അധിക വരുമാനവും കിട്ടേണ്ടതാണ്. ഇത് ആഗസ്റ്റ്–സെപ്റ്റംബർ 2020 –ൽ ലഭ്യമാവും എന്ന് കരുതുന്നു.

12. എല്ലാം കുറിക്കാൻ സ്ഥലമില്ല; സമയവും. സപ്ലൈകോയുടെ കുറവുകൾ, കുറ്റങ്ങൾ, പിഴവുകൾ ചൂണ്ടിക്കാണിക്കുന്നവരോടാണ് മുന്നോട്ടുള്ള പോക്കിൽ എറ്റവും കടപ്പാട്. മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹു. മുഖ്യമന്ത്രി, ബഹു. ഭക്ഷ്യ മന്ത്രി, ബഹു. ബോർഡ്

അംഗങ്ങൾ എന്നിവരുടെയും തുടർന്നുള്ള നേതൃത്വം; സഹകരണം എന്നിവ അഭ്യർത്ഥിക്കുന്നു.

സപ്ലൈകോയുടെ നടപടികളെപ്പറ്റി ധാരാളം പരാമർശങ്ങൾ മാധ്യമങ്ങളിൽ വരാറുണ്ട്. എന്നാൽ ഒരു കാര്യം വ്യക്തമാണ്. കേരളത്തിലെ സാധാരണക്കാരന്റെ ഭക്ഷ്യ സുരക്ഷ നടപ്പാക്കുന്ന ഒരു വലിയ ചുമതലയോടൊപ്പം കേരളത്തിൽ നിന്നും 'മിൽമ' 'അമൂൽ ' എന്ന മട്ടിൽ ഒരു ആഗോള പൊതുമേഖല ബ്രാണ്ടായി ഉയരാൻ സപ്ലൈകോയ്ക്ക് നിശ്ചയമായും സാധിക്കും.

ഒരു വർഷം സപ്ലൈകോ ആഞ്ഞു പരിശ്രമിച്ചാൽ റീട്ടെയിൽ വിപണിയിലെ ഏറ്റവും ശക്തിയുള്ള ബ്രാൻഡിനെക്കാൾ വിജയകരമാക്കുക സപ്ലൈകോയ്ക്ക് സാധ്യമാണ്. കുറഞ്ഞ പക്ഷം ലാഭ നഷ്ടമില്ലാതെ വിപണി വില നിയന്ത്രിക്കാനെങ്കിലും കഴിയും.

നമ്മൾ എല്ലാവരും ഒത്തൊരുമിച്ച് വിചാരിക്കണമെന്നു മാത്രം.

സസ്നേഹം

ഓണാശംസകളോടെ, 30/8/20

ഡോ.ബി.അശോക്